# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1665 — 16.06.2014-ൽ മറുപടിക്ക്

## സേവനാവകാശനിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനങ്ങൾ വേഗത്തിൽ ജനങ്ങളിലെത്തുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുണ്ട്. സേവനാവകാശ നിയമം നടപ്പിലാക്കുന്നതിലേയ്ക്ക് ടി നിയമം 3-ാം വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും, ചട്ടം 6 പ്രകാരം നോട്ടീസ് ബോർഡിൽ വിവരങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ പ്രചാരണത്തിനായി എല്ലാ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും, പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ എന്നിവയിൽ പരസ്യങ്ങൾ നൽകുന്നതിനും സാമൂഹ്യ സാംസ്ക്കാരിക പൊതു സംഘടനകളെക്കൊണ്ട് ചർച്ചകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.എം.ജി., കില എന്നിവ മുഖേന ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ട്. |
| (ബി) സേവനാവകാശനിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ